**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **03-03-2025 - ൽ മറുപടിയ്ക്ക്**

**മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യം വലിച്ചെറിയുന്നതിനെതിരെ നടത്തുന്ന വിപുലമായ പ്രചാരണ പരിപാടികൾ ഉദ്ദേശിച്ച ഫലം നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മാലിന്യം വലിച്ചെറിയൽ, ഉറവിടത്തിൽ തരംതിരിക്കൽ ശീലം ഇല്ലായ്മ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളോടുള്ള മോശം സമീപനം, പരിസ്ഥിതി ഉത്കണ്ഠ ഇല്ലാതെയുള്ള മാലിന്യ ഉത്പാദനവും കൈകാര്യം ചെയ്യലും ഇങ്ങനെ മാറ്റിയെടുക്കേണ്ടതായ ജനങ്ങളുടെ മനോഭാവങ്ങൾ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കെതിരായുള്ള ജനങ്ങളുടെ പ്രതിഷേധത്തിന് കാരണമാകുന്നു. ഇത്തരത്തിലുള്ള വെല്ലുവിളികൾ തരണം ചെയ്ത് മാലിന്യത്തോടുള്ള ജനങ്ങളുടെ മനോഭാവവും മാലിന്യ സംസ്കരണത്തിൽ നിലവിലുള്ള ശീലങ്ങളും മാറ്റിയെടുത്ത് സംസ്ഥാനത്ത് സമ്പൂർണ്ണവും സുസ്ഥിരവുമായ ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിനായാണ് മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ആയതിന്റെ ഭാഗമായി പൂർണ്ണമായും വലിച്ചെറിയൽ മുക്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ തുടർച്ചയായ ശ്രമം ആവശ്യമാണ്.<br><br>പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ബോധവൽക്കരണ ബോർഡുകൾ / ചുമരെഴുത്തുകൾ തുടങ്ങിയവ ഉൾപ്പെടെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പ്രധാന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിന്നും മാലിന്യം സമയബന്ധിതമായി ശേഖരിച്ച് അവ കൃത്യമായി പരിപാലിക്കുന്നുവെന്ന് ജനകീയ സഹകരണത്തോടെ ഉറപ്പാക്കൽ, മാലിന്യം വലിച്ചെറിയുന്നതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുള്ള വിവരശേഖരണത്തിനായുള്ള സിംഗിൾ |

| | | | |
|---|---|---|---|
| | | | വാട്സ് ആപ്പ് നമ്പർ നടപ്പിൽ വരുത്തുക, ജില്ലകളിലെ എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക ആയതിന്റെ ഭാഗമായി ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടറുടേയും സംസ്ഥാനതലത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടേയും നേതൃത്വത്തിൽ ഫലപ്രദമായ മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തങ്ങൾ തുടങ്ങിയവ നടപ്പിലാക്കിയതിലൂടെ മാലിന്യം വലിച്ചെറിയുന്ന പ്രവണ കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | എല്ലാത്തരം മാലിന്യവും ഉറവിടത്തിൽ നിർമ്മാർജ്ജനം ചെയ്യാനാവില്ലെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ മതിയായ ബിന്നുകൾ സ്ഥാപിച്ച് അവയിൽ നിക്ഷേപിക്കുന്ന മാലിന്യം ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിനും, നിർമ്മാർജ്ജനം ചെയ്യുന്നതിനും ആവശ്യമായ പ്ലാന്റുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുമായി ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിവരുന്നു. ഉറവിടത്തിൽ സംസ്കരിക്കുവാൻ സാധിക്കാത്ത അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേന മുഖേന വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിച്ച് സംഭരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) കളും പുനചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിലേയ്ക്ക് റിസോഴ്സസ് റിക്കവറി ഫെസിലറ്റി (ആർ.ആർ.എഫ്.)കളും തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചു വരുന്നു. വലിയ നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>മാലിന്യ മുക്തം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പ്രധാന കേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചുവരുന്ന ബിന്നുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രമീകരിച്ചിട്ടുള്ള MCF കളിൽ എത്തിക്കുകയും ജൈവ-അജൈവമാലിന്യങ്ങൾ പ്രത്യേകമായി തരംതിരിക്കുകയും തരംതിരിക്കുവാൻ സാധിക്കാത്ത മിശ്രിത മാലിന്യം നിശ്ചിത തുക നൽകി സംസ്കരണത്തിനായി CKCL ന് കൈമാറുന്നു. റീസൈക്കിൾ ചെയ്യാൻ പറ്റുന്നവ റിസൈക്ലിങ്ങിനും റിജെക്ട് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിനും കൈമാറുന്നു. കേരളത്തിലുടനീളം ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കണക്കാക്കുകയും റീജിയണൽ ആയി സംസ്കരണ പ്ലാന്റുകൾ കേരളത്തിൽ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | അത്തരം എത്ര പ്ലാന്റുകൾ നിലവിൽ പ്രവർത്തനക്ഷമമായി ഉണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ? | (സി) | ആർ.ഡി.എഫ് (Refused Derived Fuel) മെഷീൻ/ പ്ലാന്റുകൾ തിരുവനന്തപുരത്തും, കൊച്ചിയിലും, മലപ്പുറത്തും സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ആർ.ഡി.എഫ് പ്ലാന്റ് നിർമ്മാണ ഘട്ടത്തിലാണ്. മറ്റ് സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ